**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3927** **09-10-2025 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഓരോ പദ്ധതിക്കുമായി എത്ര തുക ചെലവഴിച്ചുവെന്നും ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**കേരള സംസ്ഥാന യുവജനക്ഷേമ ബോർഡി ന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ പദ്ധതി കൾ**<br><br>**1. കേരളോത്സവം :** ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോൽസാ ഹിപ്പിക്കുന്നതിനും അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടുകൂടി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ, സംസ്ഥാന തലങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു.<br><br>**2. ക്ലബ്ബുകൾ :** അവളിടം ക്ലബ്ബ് (യുവതി ക്ലബ്), കതിർ കാർഷിക ക്ലബ്, 'YES' ക്ലബ്, മാരിവില്ല് ക്ലബ്ബ്, യൂത്ത്-യുവാ ക്ലബ്ബുകൾ എന്നീ ക്ലബ്ബുകളിലൂടെ സാമൂഹിക, കലാ കായിക, സാംസ്കാരിക, വിദ്യാഭ്യാസ, ആരോഗ്യ പ്രവർത്തനങ്ങളിലൂടെ സാമൂഹിക പുരോഗതി ക്കായി പ്രവർത്തിച്ചുവരുന്നു.<br><br>**3. മണിനാദം :** കലാഭവൻ മണി മെമ്മോറിയൽ നാടൻ പാട്ട് മത്സരം.<br><br>**4.സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം :** സാമൂഹിക പ്രവർത്തനം, മാധ്യമ പ്രവർത്തനം, കല, സാഹിത്യം, കായികം, സംരഭകത്വം, കൃഷി, ഫോട്ടോഗ്രാഫി എന്നീ മേഖലകളിൽ മികച്ച പ്രവർത്തനം നടത്തുന്ന വ്യക്തികൾക്ക് സംസ്ഥാനതല അവാർഡ് നൽകുന്നു.<br><br>**5. യുവമാധ്യമ സെമിനാർ :** സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം മാധ്യമരംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് |

അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി സംഘടിപ്പിച്ചു.

**6. ശാസ്ത്ര ക്വിസ് :** ഹൈസ്കൂൾതലം, നിയോജകമണ്ഡലം, ജില്ലാതലം, സംസ്ഥാന തലം എന്നീ തലങ്ങളിൽ മത്സരം സംഘടിപ്പിച്ചു.

**7. സാഹിത്യ ക്യാമ്പ്**

**8. നീന്തൽ പരിശീലനം :** സംസ്ഥാനത്തെ 140 നിയമസഭ നിയോജക മണ്ഡലങ്ങളിൽ നീന്തൽ പരിശീലനം സംഘടിപ്പിച്ചു.

**9.ഷോർട്ട് ഫിലിം ഫെസ്റ്റിവൽ (റീൽസ്)** - ഷോർട്ട് ഫിലിം ഫെസ്റ്റിവൽ റീൽസ് 2021 സംഘടിപ്പിച്ചു.

**10.കായിക പരിശീലനവും മത്സരങ്ങളും** (ഫുട്ബോൾ, കബഡി, വോളീബോൾ).

**11.വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ**

**12. ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ**

**13.സാഹസിക പ്രവർത്തനങ്ങൾ**

**14.ലഹരി വിരുദ്ധ ക്യാമ്പയിൻ :** 'No to drugs' എന്ന മുദ്രാവാക്യം ഉയർത്തി ടീം കേരള, അവളിടം ക്ലബ്ബുകൾ, യുവാ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, മാരിവില്ല് ട്രാൻസ്ജെൻഡേഴ്സ് ക്ലബ്ബുകൾ തുടങ്ങിയ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ കൂട്ടയോട്ടം, സൈക്കിൾ റാലി, ഐ.ടി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ, കലാ ജാഥ, സിനിമാ നിർമ്മാണ ശില്പശാല എന്നി പരിപാടികൾ സംഘടിപ്പിച്ചു.

**15. പരീക്ഷാ പരിശീലന പദ്ധതി**

**16. ദിനാചരണങ്ങൾ :** യുവജന ദിനം, ഗാന്ധി ജയന്തി, പരിസ്ഥിതി ദിനം, ലഹരി വിരുദ്ധ ദിനം, വനിതാ ദിനം എന്നിവ സംഘടിപ്പിച്ചു.

**17. ഫിഫ വേൾഡ് കപ്പ് വിളംബര ജാഥയും അനുബന്ധ പരിപാടികളും**

**18.ഓൺലൈൻ ഡെലിവറി സംവിധാനം**

**19. ടീം കേരള (കേരള യൂത്ത് ഫോഴ്സ്) :** യുവാക്കളെ സന്നദ്ധ സേവന രംഗത്ത് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കിയ പദ്ധതിയാണ് ടീം കേരള. പുഴ, തോട് വീണ്ടെടുക്കലും സംരക്ഷണവും, ആശുപത്രി, സ്കൂൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവയുടെ ശുചീകരണം,

പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം, ഹെൽപ്പ് ഡെസ്കുകൾ, ബോധവത്കരണ പരിപാടികൾ, ബീച്ച് ക്ലീനിംഗ്,സർവേകൾ, പരിസ്ഥിതി സംരക്ഷണം, ഡിസാസ്റ്റർ മാനേജ്മെൻറ്, പ്രളയകാലത്തും കോവിഡ് കാലത്തും യൂത്ത് ഫോഴ്സിന്റെ സേവനം ഉപയോഗപ്പെടുത്താൻ സാധിച്ചു.

**20. ചലച്ചിത്ര ക്യാമ്പും ചലച്ചിത്ര നിർമ്മാണവും.**

**21. കേരളീയം :** നവംബർ 1 മുതൽ 7 വരെ സംസ്ഥാന സർക്കാർ സംഘടിപ്പിച്ച സാംസ്കാരിക ഉത്സവത്തിന്റെ ഭാഗമായി ഫ്ലാഷ് മോബ്, മ്യൂസിക് ബാൻഡ് എന്നീ പരിപാടികൾ സംഘടിപ്പിച്ചു.

**22. മുഖാമുഖം പരിപാടി :** 2024 ഫെബ്രുവരി 20-ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ബഹു. മുഖ്യമന്ത്രിയും യുവജനങ്ങളുമായുള്ള മുഖാമുഖം പരിപാടിയിൽ 37 മേഖലകളിൽ നിന്നുമായി 2000-ത്തോളം യുവതി യുവാക്കൾ പങ്കെടുത്തു.

**23.യുവശക്തി :** കേരളത്തിന്റെ വികസനത്തിന് യുവജനങ്ങളെയും യുവജന കൂട്ടായ്മകളെയും ഉപയുക്തമാക്കി യുവജനക്ഷേമ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലം മുതൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ജില്ലാ, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്.

**24. ദേവികുളം നാഷണൽ അഡ്വഞ്ചർ അക്കാഡമി നിർമ്മാണം :** യുവാക്കൾക്കിടയിൽ സാഹസിക കായിക വിനോദങ്ങളുടെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനും, അവരുടെ കായികവും മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിനുമായി ഇടുക്കി ജില്ലയിലെ ദേവികുളത്ത് കേരള സംസ്ഥാനയുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള സ്ഥാപനമായ ദേശീയ സാഹസിക അക്കാദമി പ്രവർത്തിക്കുന്ന കാലപ്പഴക്കം ചെന്ന മന്ദിരം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**<u>കായികയുവജനകാര്യാലയം</u>**

യുവജനങ്ങളിൽ നേതൃപരമായ കഴിവുകൾ വളർത്തിയെടുക്കുവാനും ജില്ലാ ഭരണകൂടത്തിന്

യുവവിദ്യാർത്ഥികളുടെയും പ്രൊഫഷണലുകളുടെയും കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയുമായി സഹകരിച്ച് യംഗ് കേരള ഇൻറേൺഷിപ്പ് പരിപാടി നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത പദ്ധതിക്കായി 85 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന യുവജന കമ്മീഷൻ**

(i) കോളേജുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ വിവിധ ഇടങ്ങളിൽ യുവജനങ്ങൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ

(ii)അദാലത്തുകൾ (ജില്ലാതല അദാലത്തുകൾ, മെഗാ അദാലത്തുകൾ).

(iii)ദേശീയ സെമിനാർ

(iv)യൂത്ത് ഐക്കൺ അവാർഡ്

(v) കോളേജുകളിലും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, തീരദേശ മേഖലകളിലും ആരോഗ്യ ക്യാമ്പ്,ആയോധനകല പരിശീലനം എന്നിവ സംഘടിപ്പിച്ചു.

(vi)യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ'

(vii)ഇ.എം.എസ് മെമ്മോറിയൽ ഇന്റർയൂണിവേഴ്സിറ്റി പ്രസംഗം, ചെസ്സ് എന്നീ മത്സരങ്ങളും യുവജനദിന പരിപാടികളും സംഘടിപ്പിച്ചു.

(viii)യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം

a)ഗ്രീൻ യൂത്ത് പദ്ധതി

b)യുവകർഷക സംഗമം

c)ജോബ് ഫെസ്റ്റുകൾ

(ix)സ്ത്രീധനത്തിനെതിരെയും ലഹരിയ്ക്കെതി രെയും ബോധവൽക്കരണ ക്യാമ്പെയിൻ /കലാജാഥ, നിയമപരമായ സഹായം, കൗൺസെലിംഗ്/ ഹ്രസ്വ ചിത്രമത്സരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനങ്ങൾക്കായി കേരള സംസ്ഥാന യുവജന കമ്മീഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളിലായി

| | | | |
|---|---|---|---|
| | | | ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>2021-22 സാമ്പത്തിക വർഷം -72,14,298/- രൂപ<br><br>2022-23 സാമ്പത്തിക വർഷം -65,32,327/- രൂപ<br><br>2023-24. സാമ്പത്തിക വർഷം-61,80,007/- രൂപ<br><br>2024-25 സാമ്പത്തിക വർഷം -49,93,875/- രൂപ |
| (ബി) | യുവജനക്ഷേമ വകുപ്പ് ജില്ലകളിൽ പ്രത്യേക സിറ്റിംഗുകൾ നടത്തിയിരുന്നോ; എങ്കിൽ പ്രസ്തുത സിറ്റിങ്ങുകളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ; | (ബി) | കേരള സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങളുടെ പരാതികൾ തീർപ്പാക്കുന്ന തിനായി എല്ലാ ജില്ലകളിലും അദാലത്തുകൾ / സിറ്റിംഗുകൾ നടത്താറുണ്ട്. ലഭിക്കുന്ന പരാതികൾ പരിശോധിച്ച് കമ്മീഷൻ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | ഏറനാട് മണ്ഡലത്തിൽ ഈ കാലയളവിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; പ്രസ്തുത മണ്ഡലത്തിൽ പുതിയ എന്തെല്ലാം പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകാമോ? | (സി) | ഏറനാട് മണ്ഡലത്തിൽ കായിക യുവജനകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്</u>**<br><br>**(1) ശാസ്ത്ര ക്വിസ് -** 2022, 2023, 2025 വർഷങ്ങളിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഏറനാട് മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ ഹൈസ്കൂൾ തലത്തിലും തുടർന്ന് ഹൈസ്കൂൾതല മത്സര വിജയികളെ ഉൾപ്പെടുത്തി ഏറനാട് നിയമസഭാ മണ്ഡലത്തിലും ശാസ്ത്ര ക്വിസ് മത്സരം സംഘടിപ്പിച്ചു.<br><br>**2) കലാജാഥ -** അവളിടം ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരായി മലപ്പുറം ജില്ലയിലെ 16 നിയോജക മണ്ഡലങ്ങളിലായി 2024 ഫെബ്രുവരി 11 മുതൽ 14 വരെ സംഘടിപ്പിച്ച " ഉയിർപ്പ്" കലാജാഥ 2024 ഫെബ്രുവരി 13 ന് അരീക്കോട് മണ്ഡലത്തിലെ അരീക്കോട് ബസ് സ്റ്റാന്റിൽ പരിപാടി അവതരിപ്പിച്ചു.<br><br>**(3) ലോക പരിസ്ഥിതിദിനം -** 2024 ജൂൺ 5 ന് ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ലാതല ഉദ്ഘാടനം ഏറനാട് നിയോജക മണ്ഡലത്തിലെ എടവണ്ണ ആമസോൺ വ്യൂ പോയിന്റിൽ വച്ച് സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി വൃക്ഷതൈ നടുകയും ആമസോൺ വ്യൂ പോയിന്റ് ശുചീകരണവും സംഘടിപ്പിച്ചു.<br><br>**<u>കായികയുവജനകാര്യാലയം</u>** |

| | | | |
|---|---|---|---|
| | | | മലപ്പുറം ജില്ലയിൽ ഏറനാട് നിയോജക മണ്ഡലത്തിലെ അരീക്കോട് ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്നതിന് 2 കോടി രൂപയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസീകവുമായ കഴിവുകൾ വർദ്ധിപ്പിക്കു ന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും പൊതു വിദ്യാഭ്യാസ വകുപ്പ്, SCERT, NGGFn (നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻസ് ഫൗണ്ടേഷൻ) എന്നിവയുമായി സഹകരിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന കായിക യുവജന കാര്യാലയം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ്. ഈ പദ്ധതിയിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും, കൂടാതെ പ്രൊഫഷണൽ ഗെയിമുകളുടെ അടിസ്ഥാന പരമായ വഴികളിലേക്കുള്ള പരിചയം നൽകി, അവർക്ക് സ്പോർട്സിലും ഗെയിമുകളിലും താത്പര്യം വളർത്തുന്നതിനും സഹായിക്കുന്നു. ഇതിന്റെ ഭാഗമായി, സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ കായികവും ബൗദ്ധികവുമായ ശേഷികൾ മെച്ചപ്പെടുത്തുകയാണ് പ്രധാന ലക്ഷ്യം. ആയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ഏറനാട് നിയോജക മണ്ഡലത്തിലെ അരീക്കോട് GMUPS -ൽ ഹെൽത്തി കിഡ്സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ